NISH
NATIONAL INSTITUTE OF SPEECH & HEARING
Accredited as Excellent Institution by RCI \ ISO 9001:2015 Certified \ Accredited by NAAC with A-Grade

**പത്രക്കുറിപ്പ്** **21.02.2022**

## നിഷിനെ ദേശീയ നിലവാരത്തിലേക്ക് ഉയർത്തും: മന്ത്രി ആർ ബിന്ദു

**തിരുവനന്തപുരം:** സംസ്ഥാനത്ത് ഭിന്നശേഷി പുനരധിവാസ മേഖലയിൽ അഭിമാനകരമായി പ്രവർത്തിക്കുന്ന സ്ഥാപനമായ നിഷിനെ (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗ്) ദേശീയ നിലവാരത്തിലേക്ക് ഉയർത്തണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നതെന്ന് സാമൂഹിക നീതി - ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ആർ ബിന്ദു പറഞ്ഞു. സർവ്വകലാശാല പദവിയിലേക്കുയർത്തുന്നതിനുള്ള സാധ്യതകൾ തേടിവരുകയാണെന്നും നിഷിൽ സന്ദർശനം നടത്തിയ മന്ത്രി അറിയിച്ചു.

ഭിന്നശേഷി പുനരധിവാസ മേഖലയിൽ ഇന്ത്യയിൽ തന്നെ അത്യപൂർവ്വമായ ഗവേഷണങ്ങൾ നിഷ് കേന്ദ്രീകരിച്ച് നടക്കുന്നുണ്ട്. ഈ മേഖലയിലെ പുതിയ പദ്ധതികൾക്ക് രൂപം കൊടുത്ത് മുന്നോട്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

പ്രത്യേക വിഭാഗങ്ങളെ കേന്ദ്രീകരിച്ച് വളരെ ഗൗരവമായി ഈ മേഖലയെ സമീപിക്കുന്ന സ്ഥാപനത്തിൽ, അത്യാധുനിക ഉപകരണങ്ങൾ സജ്ജമാക്കി ഗവേഷണത്തിനും ശ്രവണ - സംസാര പരിമിതികൾ കണ്ടെത്തുന്നതിനുമുള്ള ഏറ്റവും നൂതന മാർഗ്ഗങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഭിന്നശേഷി കുട്ടികളിലെ പരിമിതികൾ നേരത്തേ കണ്ടെത്തി പരിഹരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏവർക്കും പ്രയോജനകരമാണ്.

ദീർഘകാലമായി ഈ മേഖലയിൽ വളരെ ആഴത്തിലുള്ള പഠനങ്ങളാണ് നിഷ് നടത്തിക്കൊണ്ടിരിക്കുന്നത്. പുസ്തകങ്ങൾ, ലഘുലേഖകൾ, വീഡിയോകൾ എന്നിവ പുറത്തിറക്കി പൊതുജന അവബോധം നൽകുന്നതിനും നിഷ് മുൻകൈ എടുക്കുന്നുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ നിന്നും മുക്തമായ സമൂഹത്തെ സൃഷ്ടിക്കാൻ മുന്നിൽ നിന്നു പ്രവർത്തിക്കുന്ന നിഷിനെ മികവിന്റെ കേന്ദ്രമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി.

നിഷിന്റെ സിൽവർ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിരവധി പദ്ധതികൾ ആവിഷ്കരിക്കുകയാണെന്നും അതിന്റെ ഭാഗമായ വിലയിരുത്തലിനാണ് മന്ത്രി എത്തിയതെന്നും നിഷ് എക്സിക്യൂട്ടീവ് ഡയറക്ടർ എം അഞ്ജന ഐഎഎസ് പറഞ്ഞു. നിഷിന് എല്ലാവിധ പിന്തുണയും സഹകരണവും മന്ത്രിയുടെ ഭാഗത്തു നിന്നും നൽകുന്നുണ്ടെന്നും അവർ കൂട്ടിച്ചേർത്തു.

നിഷിലെ വിവിധ വകുപ്പുകളും ലാബുകളും തെറാപ്പി യൂണിറ്റുകളും സന്ദർശിച്ച മന്ത്രി എല്ലാ പ്രവർത്തനങ്ങളും വിലയിരുത്തി.